ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തൊണ്ടുവില നിയന്ത്രിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെംബർ സൂചിപ്പിച്ച കാര്യവും അതിൽ ഉൾപ്പെടും.

ശ്രീമതി. കെ. ആർ. ഗൗരി: തൊണ്ടുവില നിയന്ത്രിച്ചതുമൂലം തൊണ്ടുടമകൾ തൊണ്ടുകൊടുക്കാത്തതുകൊണ്ട് തൊണ്ടു കിടക്കുന്നസ്ഥലത്തു നിന്നും തൊണ്ട് എടുത്തു കൊടുക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ തൊണ്ടു മുതലാളിമാർ ആവശ്യാനുസരണം അഴുക്കുതൊണ്ട് കൊടുക്കാതിരുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അവിടെയൊക്കെ തൊഴിലാളികൾ ചില വ്യവസ്ഥകൾ അനുസരിച്ച് തൊണ്ട് എടുത്തിട്ടുണ്ട്. ഒന്നു രണ്ട് അവസരങ്ങളിൽ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർക്ക് അവരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് തൊണ്ട് എടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. അഴുക്ക് തൊണ്ട് വളരെക്കാലം പൂഴ്ത്തിവച്ചുകൊണ്ടിരിക്കുവാൻ കഴിയാത്തതുകൊണ്ട് ഒരുഘട്ടം കഴിയുമ്പോൾ അവർ കൊടുത്തു തുടങ്ങും. ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ ഉണ്ടാക്കുകയും ലൈസൻസിംഗ് വ്യവസ്ഥ പൂർണ്ണമായി നടപ്പാക്കാനും കഴിയുമ്പോൾ ഈ ബുദ്ധിമുട്ട് ഒഴിവാകുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അഴുക്കത്തൊണ്ട് എടുത്തു കൊടുക്കുന്നതിന് ആവശ്യമായ അധികാരം ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർക്കു കൊടുക്കുകയും ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുന്നതോടെ അഴുക്കത്തൊണ്ട് ആവശ്യാനുസരണം കൊടുക്കുവാൻ കഴിയുമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്.

യൂണിവേഴ്സിറ്റി സെന്റർ

*29 [104] ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി മറുപടി നൽകുമോ?

(എ) എറണാകുളം യൂണിവേഴ്സിറ്റി സെന്റർ ഒരു സർവ്വകലാശാലയാക്കി ഉയർത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചുകഴിഞ്ഞോ;

(ബി) 1970–71–ൽ പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുവാൻ കഴിയുമോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ): (എ, ബി) ഗവൺമെന്റിന്റെ സാമ്പത്തിക നിലയെ ആശ്രയിച്ച് സംസ്ഥാനത്തെ യൂണിവേഴ്സിറ്റി സെന്ററുകൾ യൂണിവേഴ്സിറ്റിയായി ഉയർത്തുന്നതിന്, കേന്ദ്രഗവൺമെന്റിന് വിരോധമില്ലെന്ന് 1968 ജൂലായിൽ ഈ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം കോഴിക്കോട് സെന്റർ സർവ്വകലാശാലയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. എറണാകുളം സെന്റർ സർവ്വകലാശാലയായി ഉയർത്തുന്നതിനെപ്പറ്റിയുള്ള തീരുമാനം 1970–71–ലെ സാമ്പത്തികശേഷിയെ ആശ്രയിച്ച് എടുക്കുന്നതാണ്.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: എറണാകുളം യൂണിവേഴ്സിറ്റി സെന്റർ ഒരു സർവ്വകലാശാലയായി ഉയർത്താമെന്നും പല സന്ദർഭങ്ങളിലും ഈ നിയമസഭാതലത്തിൽത്തന്നെ ഗവൺമെന്റ് ഉറപ്പു നൽകിയിട്ടുണ്ട്. സർവ്വകലാശാലയായി ഉയർത്തുന്നതിന് ഇപ്പോഴും എന്തെങ്കിലും പ്രതിബന്ധങ്ങൾ പുതുതായി ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പുതിയ പ്രതിബന്ധം ഒന്നും ഇല്ല. ഈ കൊല്ലത്തെ ബഡ്ജറ്റ് തയ്യാറാക്കുമ്പോഴും നമ്മുടെ ഗവൺമെന്റ് വഹിക്കേണ്ട ഭാരം നമുക്ക് നിർവഹിക്കുവാൻ കഴിയുമോ എന്നു പരിഗണിക്കേണ്ടതുണ്ട്. പഞ്ചവൽസര പദ്ധതിയിൽ സർവ്വകലാശാലാ വിദ്യാഭ്യാസത്തിന് സംഖ്യ വകയിരുത്തുന്നതിന് കൂടിയാലോചനകളും നടന്നുകൊണ്ടിരിക്കുകയാണ്. സാമ്പത്തികനില വ്യക്തമായതിനുശേഷം മാത്രമേ ആ ഉറപ്പിനെപ്പറ്റി പറയുവാൻ നിവർത്തിയുള്ളു.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: എറണാകുളം യൂണിവേഴ്സിറ്റി സെൻറർ ഒരു സർവ്വകലാശാലയായി ഉയർത്തുന്നതിനു് ഇന്നു നിലവിലുള്ള യൂണിവേഴ്സിറ്റി സെൻറെറിന് ആവശ്യമായ സ്ഥലവും മറ്റു കെട്ടിടങ്ങളും ഉപയോഗിക്കാമെന്നുള്ളതുകൊണ്ട് കാര്യമായ ചെലവൊന്നും കൂടാതെ അതൊരു സർവ്വകലാശാലയായി ഉയർത്തുവാൻ സാധിക്കുമെന്ന ഞങ്ങളുടെ അഭിപ്രായം പരിഗണിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കാര്യമായചെലവൊന്നും കൂടാതെ ഒരു സർവ്വകലാശാല ഉണ്ടാക്കാമെന്നുള്ള അഭിപ്രായമില്ല. സിൻഡിക്കേറ്റ്, സെനറ്റ്, അഡ്മിനിസ്ട്രേഷൻ, ആഫീസ് എന്നിവ രൂപമെടുക്കുന്നതിന് കുറെ ചെലവ് വേണ്ടിവരും. തീരെ ചെലവില്ലാതെ നടത്തുവാൻ സാധിക്കുകയില്ല.

ശ്രീ. ജി. ഗോപിനാഥൻപിള്ള : എറണാകുളത്ത് സ്ഥാപിക്കപ്പെടുന്നത് ഒരു ഫെഡറൽ സർവ്വകലാശാല ആയിരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: മിക്കവാറും ഫെഡറൽ സർവ്വകലാശാലയായിരിക്കും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പുതിയ സർവ്വകലാശാല രൂപമെടുക്കുമ്പോൾ കേന്ദ്രത്തിൽനിന്ന് എന്തുസഹായം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: യൂണിവേഴ്സിറ്റി ഗ്രാൻസ് കമ്മീഷനിൽനിന്ന് ലഭിക്കുന്ന സഹായത്തിനുപുറമേ കൂടുതലായി സഹായം ലഭിക്കുമെന്നു കരുതുന്നില്ല.

ശ്രീ. പി. പി. ജോർജ്: നമ്മുടെ സംസ്ഥാനത്തെ കാളേജുകളുടെ എണ്ണവും സർവ്വകലാശാലാ വിദ്യാർത്ഥികളുടെ എണ്ണവും മറ്റുസംസ്ഥാനങ്ങളുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ നാലോ അഞ്ചോ സർവ്വകലാശാലകൂടി നടപ്പിലാക്കുവാനുള്ള സധ്യത നമ്മുടെ സംസ്ഥാനത്ത് ഉള്ളതുകൊണ്ട് ഈ കാര്യം ഒരു പ്രത്യേക സംഗതിയായി കണക്കിലെടുത്തുകൊണ്ട് ഇതു സംബന്ധിച്ച് അന്വേഷണത്തിനുവേണ്ടി നിയോഗിച്ച സ്പെഷ്യൽകമ്മിറ്റിയുടെ റിപ്പോർട്ടുകൂടി പരിഗണിച്ചുകൊണ്ട് ഗവൺമെൻറ് അടുത്ത സാമ്പത്തികവർഷം തന്നെ ഇത് ആരംഭിക്കുവാൻ വേണ്ട നടപടിസ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നമ്മുടെ സംസ്ഥാനത്ത് മൂന്നോ നാലോ സർവ്വകലാശാലകൾക്ക് നീതീകരണം ഉണ്ട്. ഇത്രയധികം സർവ്വകലാശാലകളും നമുക്ക് നടത്തിക്കൊണ്ടുപോകുവാൻ കഴിയുകയില്ല. ഈ ഒരു സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിൻെറ സാമ്പത്തികനില അനുവദിക്കുകയാണെങ്കിൽ പരിഗണിക്കുമെന്നാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly